**കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ക്രമങ്ങൾ**

**( ഹാജർ :- സി മനോജ് കുമാർ )**

വിഷയം :- പൊതുവിദ്യാഭ്യാസം -ജീവനം-അധ്യാപക ജീവനക്കാരുടെ 2024-25 അധ്യയന വർഷത്തെ അന്തർ ജില്ലാ സ്ഥലം മാറ്റം എച്ച് എസ് ടി മലയാളം - അന്തിമ സ്ഥലം മാറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന :- 1. 26-11-2024 , 27-12-2024 എന്നീ തിയ്യതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എ1/24296/2024 ഡി ജി ഇ നമ്പർ സർക്കുലർ.

2. അധ്യാപകർ ഒൺലൈൻ മുഖേന സമർപ്പിച്ച സ്ഥലമാറ്റ അപേക്ഷകൾ

3. ട്രാൻസ്ഫർ & പോസ്റ്റിങ്ങ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അന്തർ ജില്ലാ സ്ഥലം മാറ്റത്തിനുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റ്.

4. ഈ കാര്യാലയത്തിൽ നിന്ന് 04-02-2025 തിയ്യതിയിൽ പ്രസിദ്ധീകരിച്ച ഡിഡിഇകെ കെഡി /1118/2025 എ3 നമ്പർ താത്കാലിക ഉത്തരവ്.

5. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ വി സി II) വകുപ്പിലെ 18-10-2024 തിയ്യതിയിലെ എവിസി II- 2/46/2024/ഉ ഭ പ വ നമ്പർ കത്ത്

6. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 28-03-2025 തിയ്യതിയിലെ DGE/15524/2024-A1 നമ്പർ കത്ത്

7. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04-04--2025 തിയ്യതിയിലെ DGE/15524/2024-A1 നമ്പർ കത്ത്

**ഉത്തരവ് നമ്പർ ഡിഡിഇകെകെഡി /1118/2025-എ 3 തീയതി : 09-04-2025**

പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂൾ അധ്യാപകരുടെ 2024-25 അധ്യയന വർഷത്തെ അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി പരാമർശം (1) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു . പരാമർശം (2) പ്രകാരം ലഭ്യമായ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരമുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരംതാത്കാലിക സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ പരാമർശം (5) പ്രകാരം പ്രകാരമുള്ള ഈ ഓഫീസിലെ പരിശോധനയുടെ ഭാഗമായി അന്തർ ജില്ലാ സ്ഥലം മാറ്റം താത്കാലികമായി നിർത്തിവയ്ക്കുന്നതിന് പരാമർശം (6) പ്രകാരം ആയത് പ്രകാരം നിർദ്ദേശം ലഭിക്കുകയും തുടർന്ന് പരാമർശം (7) പ്രകാരം അന്തർ ജില്ലാ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശം ലഭിക്കുകയും ചെയ്തതിന്റ് അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ഒഴിവുകൾ മാറ്റിവച്ചിട്ടുള്ള എച്ച് എസ് ടി മലയാളം തസ്തികയിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിച്ചു അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | അധ്യാപകൻ അധ്യാപികയുടെ പേര് | നിലവിൽ ജോലിചെയ്യുന്ന സ്കൂൾ ജില്ല | സ്ഥലം മാറ്റം അനുവദിക്കുന്ന സ്കൂൾ | മറ്റു പരാമർശങ്ങൾ |
|---|---|---|---|---|
| 1 | ABDULGANI KALARIKANDIYI | Govt.HS Tharuvana Wayanad | GHSS Kayanna | |
| 2 | SONA SUKUMARAN | GHSS Arattuthara Wayanad | GHSS Nayerkuzhi | |

അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ ഉത്തരവ് ലഭിച്ച് 30-04-2025 നകം സ്ഥലം മാറ്റം അനുവദിച്ച ജോലിയില് പ്രവേശികേണ്ടതാണ്. അല്ലാത്ത പക്ഷം സ്ഥലം മാറ്റം ലഭിച്ച അധ്യാപകരുടെ സീനിയോരിറ്റി കോഴിക്കോട് ജില്ലയിൽ ജോലിയിൽ പ്രേവേശിക്കുന്ന തിയ്യതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. അന്തർ ജില്ലാ സ്ഥലം മാറ്റം ഉത്തരവായിട്ടുള്ള

അധ്യാപകർ കോഴിക്കോട് ജില്ലയിൽ ജോലിയിൽ പ്രേവേശിക്കുന്ന ദിവസം ടി തസ്തികയിൽ ഏറ്റവും ജൂനിയർ ആയിരിക്കും ആയത് സംബന്ധിച്ച സമ്മത പത്രം തയാറാക്കി ഇപ്പോൾ ജോലി ചെയുന്ന സ്കൂളിലെ പ്രധാനധ്യാപകൻ മേലൊപ്പ് വച്ച്സേവനപുസ്തകത്തിൽ പതിക്കേണ്ടതാണ്.

പരാമർശം (2) പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തെറ്റായ വിവരങ്ങൾ ഉൾപെടുത്തിയതിന്റ അടിസ്ഥാനത്തിലാണ് അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ചത് എന്നു ബോധ്യപ്പെടുന്ന പക്ഷം നിലവിൽ ഉത്തരവായിട്ടുള്ള സ്ഥലം മാറ്റം പുനഃ പരിശോധിക്കുന്നതായിരിക്കും

അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിക്കുന്ന അധ്യാപകർ 23-08-2012 ലെ സ ഉ (പി ) നമ്പർ 42/2012 ഉ ഭ പ വ പ്രകാരം ഈ
ജില്ലയിൽപുതുതായി നിരീക്ഷണ കാലയളവ്പൂർത്തിയാക്കണ്ടതാണ്.

Signed by
Manoj Kumar C
Date: 09-04-2025 15:01:58

**വിദ്യാഭ്യാസ ഉപഡയറക്ടർ**
**കോഴിക്കോട്**

സ്വീകർത്താവ് :

**1.ബന്ധപ്പെട്ടവിദ്യാഭ്യാസ ഉപഡയറക്ടർ**

**2.ബന്ധപ്പെട്ട പ്രധാനധ്യാപകർ.**

**3.ബന്ധപ്പെട്ട അധ്യാപകർ.**